www.malankaralibrary.com

ഡിസംബർ
2021
ലക്കം 12

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



**ഏവർക്കും ഹൃദയം നിറഞ്ഞ**
**തിരുപ്പിറവി ആശംസകൾ....**

malankaralibrary.com

www.malankaralibrary.com

# എഡിറ്റോറിയൽ



**"ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു."**

**(ലൂക്കാ 2 : 10-11)**

സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായ ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിന്റെ അനുഗ്രഹങ്ങളിലേക്ക് 25 നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങളോടുകൂടി നാം പ്രവേശിച്ചുവല്ലോ. വളരെ വ്യത്യസ്തമായ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ക്രിസ്മസിനായി നാം ഒരുങ്ങുക. ജാതി, മത, വർഗ്ഗ, വർണ ഭേദമില്ലാതെ എല്ലാ മനുഷ്യർക്കും വേണ്ടി ദൈവം മനുഷ്യനായി തീർന്നതിന്റെ സ്മരണയിൽ നാം ആയിരിക്കുമ്പോൾ യുവജനങ്ങളായ നമുക്കും ഈ കാലഘട്ടത്തിൽ പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ സകല മനുഷ്യർക്കും സന്തോഷത്തിന്റെ സദ്വാർത്തയായിത്തീരാനുള്ള നമ്മുടെ വിളിയെ തിരിച്ചറിയാം.

മാനവരാശിയുടെ മുഴുവൻ നന്മയ്ക്കായി, ലോകത്തിന്റെ രക്ഷയ്ക്കായി നല്കപ്പെട്ട ഏറ്റവും വലിയ സദ്വാർത്തയാണ് ക്രിസ്തുമസ് - യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം. ദൈവം മനുഷ്യനായി, മനുഷ്യരോടൊപ്പം പാർക്കുവാൻ ഭൂമിയിൽ അവതരിച്ചു എന്നത് രക്ഷകന്റെ വരവിനായി കാത്തിരുന്നവർക്കുള്ള സദ്വാർത്തയായിരുന്നു. പിതാവിന്റെ സ്നേഹം തന്റെ പുത്രന്റെ മനുഷ്യാവതാരത്തിലൂടെ ലോകത്തിന് ലഭ്യമായ പുണ്യദിനം. ഈ അനുഗ്രഹീത ദിനത്തിന്റെ ആശംസകളും പുതുവത്സരത്തിന്റെ നന്മകളും ഏവർക്കും നേരുന്നു.


**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*

*ചീഫ് എഡിറ്റർ*




malankaralibrary.com

www.malankaralibrary.com



**'ക്രിസ്തുമസ്'** എന്ന് പറയുന്നത് ഒരു ചരിത്ര സംഭവത്തിന്റെ വെറുമൊരു അനുസ്മരണമോ ആഘോഷമോ അല്ല. മറിച്ച്, ക്രിസ്തുമസ് എന്ന് പറയുന്നത് നമ്മുടെ ജീവിതത്തിന്റെ അനുഭവമായി മാറേണ്ട ഒരു സത്യമാണ്. ഓരോ ക്രിസ്തുമസ് ആഘോഷിക്കുമ്പോഴും നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെപ്പറ്റി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഒരിക്കൽ ഒരു ക്രിസ്തുമസ് സന്ദേശത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

"നീ തന്നെയാണ് ക്രിസ്തുമസ്". നാം നടത്താറുള്ള ഓരോ ക്രിസ്തുമസ് ആഘോഷങ്ങൾക്കിടയിലും കർത്താവിന്റെ സ്നേഹത്തിന്റെ ശബ്ദം കേൾക്കുവാൻ വേണ്ടി നിശ്ശബ്ദതയെ അന്വേഷിക്കുവാൻ പരിശുദ്ധ പിതാവ് നമ്മളോട് ആവശ്യപ്പെടുന്നുണ്ട്. ഇന്നിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഏറെ അർത്ഥവത്തായ ഒരു വിചിന്തനമാണിത്.

ഇന്നത്തെ തലമുറ കണ്ടതിൽ വച്ച് ഏറ്റവും ഭയാനകവും ഭീതിജനകവുമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകാൻ തുടങ്ങിയിട്ട് ഒരു വർഷം പിന്നിടുമ്പോൾ, ഒരു സാധാരണ ജീവിതം എന്ന് സാധ്യമാകുമെന്ന ആശങ്കയിലാണ് മാനവരാശി. അതുകൊണ്ടുതന്നെ യഥാർത്ഥ ക്രിസ്തുമസ് കണ്ടെത്തുവാനും യഥാർത്ഥ ക്രിസ്തുമസ്സായി നാമേവരും രൂപാന്തരപ്പെടുവാനുമുള്ള പ്രസക്തി ഓരോ നിമിഷവും കൂടികൊണ്ടേയിരിക്കുന്നു.

യേശുവിനെ സ്വീകരിക്കാനായി നിന്റെ ഹൃദയം നിന്റെ പരിമിതികൾക്കിടയിലും നീ തുറന്നിടുമ്പോൾ നീയൊരു പുൽക്കൂടായി മാറുകയാണ്. നിന്നിലൂടെ, നിന്റെ ചുറ്റുമുള്ള സഹോദരങ്ങൾ ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുമ്പോൾ, അനേകർക്ക് നൻമയിൽ ജീവിക്കാൻ നിന്റെ ജീവിതം പ്രചോദനമാകുമ്പോൾ, നീയൊരു വഴികാട്ടിയായി, വാൽനക്ഷത്രമായി മാറുകയാണ്. നിന്റെ ജീവിതത്തിൽ, ക്രിസ്തുവിനെ അന്വേഷിക്കുന്നതിലും കണ്ടെത്തുന്നതിലും നീ മുൻഗണന നൽകുമ്പോൾ, നീയും ജ്ഞാനികളുടെ കൂട്ടത്തിൽ എണ്ണപ്പെടുകയാണ്.

ലൗകിക ആഘോഷങ്ങൾക്കുമപ്പുറം ഈ കാലഘട്ടത്തിന്റെ ആവശ്യമായ സ്വയം രൂപാന്തരപ്പെടലിന്റെ വലിയ ആഘോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. നീയും ഞാനും തന്നെയാണ് ക്രിസ്തുമസ് എന്ന തിരിച്ചറിവിനായി പരിശ്രമിക്കാം.

ഏവർക്കും ഹൃദ്യമായ ക്രിസ്തുമസ് ആശംസകൾ...

**ജിത്ത് ജോൺ ഫ്രാൻസിസ്**
എം.സി.വൈ.എം. പ്രസിഡന്റ്

malankaralibrary.com

www.malankaralibrary.com



# ക്രിസ്മസ് മഞ്ഞുരുകുന്ന കാലം....



**സിസ്റ്റർ അലീന എസ്.ഐ.സി.**
ആനിമേറ്റർ, തിരുവല്ല അതിഭദ്രാസനം

ഒരു ക്രിസ്മസ് കാലം കൂടി വരവായി. പ്രപഞ്ചമൊന്നാകെ ഒരേ മനസ്സോടുകൂടി ഏറ്റുവാങ്ങിയ ഒരു ദൈവ-മനുഷ്യ ബന്ധത്തിന്റെ സ്മരണകളുണർത്തുന്ന ഉത്സവകാലം. ദൈവം മനുഷ്യപുത്രനായി ഭൂജാതനായതിന്റെ ഓർമപുതുക്കൽ. ചരിത്രത്തെ കീറി മുറിച്ച മഹാസംഭവം. നക്ഷത്രങ്ങളുടെയും ക്രിസ്മസ് ട്രീയുടെയും പുൽക്കൂടുകളുടെയും കാലം. പ്രകാശത്തിന്റെ ഓളങ്ങൾ അലയടിക്കുന്ന മാസം.

ഒരു ഡിസംബർ ഇരുപത്തിനാലാം തീയതി പാതിരാ സമയത്ത് ന്യൂയോർക്ക് നഗരത്തിന്റെ തിരക്കൊഴിഞ്ഞ ഒരു വീഥിയിലൂടെ തന്റെ പിതാവിന്റെ കൈപിടിച്ചുകൊണ്ട് ഒരു കൊച്ചുകുട്ടി ക്രിസ്മസ് ആഘോഷങ്ങൾക്കായി തന്റെ വീടിനടുത്തുള്ള ദേവാലയത്തിലേക്ക് പോവുകയാണ്. അന്നാട്ടിലൊരു പതിവുണ്ട്, ഒരു വീട്ടിൽ നിന്നും ആരെങ്കിലും പട്ടാള സേവനത്തിന് പോവുകയാണെങ്കിൽ അത് സൂചിപ്പിക്കുവാനായി ആ വീടിന്റെ പുരോഭാഗത്ത് ഒരു നക്ഷത്രവിളക്ക് തൂക്കിയിരിക്കും. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുള്ള ആ കുട്ടി ദേവാലയത്തിൽ എത്തുമ്പോൾ അവിടെയെല്ലാം കാണുന്നത് ഒട്ടേറെ നക്ഷത്രദീപങ്ങൾ തൂക്കിയിട്ടിരിക്കുന്നതാണ്. നക്ഷത്രദീപങ്ങൾ കാണുന്ന ആ കുട്ടി പിതാവിനോടായി അർത്ഥവത്തായ ഒരു ചോദ്യം ചോദിക്കുകയാണ്, 'അപ്പച്ചാ, ദൈവം തന്റെ പുത്രനെയും പട്ടാള സേവനത്തിന് അയച്ചിരിക്കുകയാണോ ?' 'അതെ, എന്ന് പറഞ്ഞിട്ട് ആ പിതാവ് ഒരു വാചകം


malankaralibrary.com

www.malankaralibrary.com



കൂടി കൂട്ടിച്ചേർത്തു, 'ഭൂമിയാകുന്ന ഈ യുദ്ധക്കളത്തിൽ പ്രതിയോഗിയെ വെടിവെയ്ക്കുവാനല്ല, ബയണറ്റുകൊണ്ട് അടിച്ചു വീഴ്ത്താനല്ല, പിന്നെയോ മോനും ഞാനും എല്ലാ മനുഷ്യരും ഏതെങ്കിലും തരത്തിൽ വിഷമിക്കുമ്പോൾ നമ്മെ സഹായിക്കാൻ വേണ്ടി മാത്രം ദൈവം തന്റെ പുത്രനെ ഇങ്ങോട്ട് അയച്ചിരിക്കുകയാണ്.' ആ കൊച്ചുകുട്ടിയുടെ ചോദ്യവും ആ പിതാവിന്റെ ഉത്തരവും ഇന്നത്തെ ക്രിസ്മസ് സന്ദേശത്തിന് നല്ലൊരു തുടക്കമായി.

അതെ, ദൈവം തന്റെ മകനെ ഈ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും സേവനത്തിനുവേണ്ടി അയച്ചിരിക്കുന്നു എന്ന വാസ്തവമാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈ ക്രിസ്മസ്. എന്നാൽ ഒരു പൂജ്യത്തോളം തന്നെത്തന്നെ താഴ്ത്തി, രാജകീയമായ ചെങ്കോൽ മാറ്റിവച്ച്, ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യഗന്ധം മണത്തറിഞ്ഞ്, അതിനെ മാനിച്ചുകൊണ്ട്, ഒരു മഹാരഹസ്യമായി നമ്മിലേക്ക് ഇറങ്ങി- ഇതാണ് ക്രിസ്മസ്.

ക്രിസ്തു നമുക്ക് കാണിച്ചു തന്നിരിക്കുന്ന സേവനത്തിന് ഇന്ന് സഹനത്തിന്റെയും പരാജയത്തിന്റെയും പരാധീനതകളുടെയും മുഖഭാവങ്ങൾ ഉണ്ട്. എന്നാൽ ഇന്നിന്റെ വികലമായ ജീവിതശൈലി, സേവനം വേണ്ട അധികാരം മതി, സഹനം വേണ്ട സ്ഥാനമാനങ്ങൾ മതി, പരാജയം വേണ്ട വിജയം മാത്രം മതി എന്നുള്ളതാണ്. സേവനത്തിന്റെയും പരാജയത്തിന്റെയുമൊരു സുവിശേഷമാണ് ഈ കമ്പ്യൂട്ടർ യുഗം. ഓൺലൈൻ ക്രിസ്മസിന് സാധ്യതകൾ ഏറിയ കാലഘട്ടം. ഇന്നത്തെ ക്രിസ്മസ് വിരൽത്തുമ്പിൽ എത്തിയിരിക്കുന്നു എന്നതാണ് വലിയൊരു സത്യം.

യേശുവിന്റെ ജനനം വിളിച്ചറിയിച്ച വാൽനക്ഷത്രത്തിന്റെ ഓർമ്മയ്ക്കായി നാം വീടുകളിൽ നക്ഷത്രങ്ങൾ ഉയർത്തുന്നു. നക്ഷത്രത്തിന്റെ വെളിച്ചത്തിലൂടെ നടന്ന ജ്ഞാനികൾ ഉണ്ണിയേശുവിനെ കണ്ടു. ഒരു ചെറു മിന്നാമിനുങ്ങിന് ലോകത്തെ പ്രകാശിപ്പിക്കാൻ അതിന്റെ പരിധിയിൽ നിന്നുകൊണ്ട് സാധിക്കുമെങ്കിൽ, ഈ കാലയളവിൽ നുറുങ്ങുവെട്ടം പരത്തേണ്ട നമുക്ക് എന്തുകൊണ്ട് അത് സാധിക്കുന്നില്ല? നമ്മുടെ നല്ല പ്രവർത്തികളിലൂടെ മറ്റുള്ളവർക്കു വേണ്ടി പ്രകാശിക്കുവാൻ, മറ്റുള്ളവരെ വെളിച്ചത്തിലൂടെ നയിക്കുവാൻ, ഈ ക്രിസ്മസ് പ്രചോദനമാവണം.

ഒരു പുതിയ യുഗത്തെ മുന്നിൽ കണ്ടുകൊണ്ട് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് നാമോരോരുത്തരും. സമീപസ്ഥമായിരിക്കുന്ന പുതുയുഗത്തിൽ യേശുവിന്റെ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ, മറ്റുള്ളവർക്ക് അത് പങ്കുവെയ്ക്കുവാൻ യുവജനങ്ങളായ നമുക്ക് സാധിക്കണം.

ഉണ്ണിയേശുവിനോടൊപ്പം ഒരു പുത്തൻ നൂറ്റാണ്ടിന് നമുക്ക് തുടക്കം കുറിക്കാം. അവിടുത്തെ സാന്നിധ്യം ജീവിതത്തിലുടനീളം നമുക്ക് അനുഭവിക്കാം. ഈ നാളിൽ സ്നേഹത്തിന്റെ കുളിർമയും ചൈതന്യവും അനേകായിരങ്ങളിലേക്ക് നമുക്ക് പകർന്നു കൊടുക്കാം.

മാനവരാശിയുടെ മുഴുവൻ നന്മയ്ക്കായി, ലോകത്തിന്റെ രക്ഷയ്ക്കായി നൽകപ്പെട്ട ഏറ്റവും വലിയ സദ്വാർത്തയായ ക്രിസ്മസ്-പിതാവിന്റെ സ്നേഹം തന്റെ പുത്രന്റെ മനുഷ്യാവതാരത്തിലൂടെ ലോകത്തിന് ലഭ്യമായ പുണ്യദിനം. ഈ അനുഗ്രഹീത ദിനത്തിന്റെ മംഗളങ്ങളും നന്മകളും ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.



www.malankaralibrary.com

# പിതാവിന്റെ ഹൃദയത്തോടെ

**ദിഖിൽ സാബു വർഗ്ഗീസ്**
**മെഴുവേലി വെസ്റ്റ്** .

**'പാത്രിസ് കോർദെ - പിതാവിന്റെ ഹൃദയത്തോടെ'** എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ മാതാവിന്റെ അമലോത്ഭവ തിരുനാൾ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിന്റെ വർഷമായി പ്രഖ്യാപിച്ചു. വിശുദ്ധ പീയൂസ് ഒൻപതാം മാർപാപ്പ യൗസേപ്പിതാവിനെ ആഗോള കത്തോലിക്കാ സഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വാർഷികാഘോഷ വേളയിലാണ് ഈ പ്രഖ്യാപനം. സഭയുടെ ചരിത്രത്തിൽ ഇങ്ങനെ വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി സഭ ഒന്നായി പ്രാർത്ഥിക്കാറുണ്ട്. 2015 ൽ കരുണയുടെ അനേകം കവാടങ്ങൾ തുറന്നുകൊണ്ട് ലോകം മുഴുവനിലും ക്രിസ്തുവിന്റെ കരുണ വ്യാപിക്കുവാൻ വേണ്ടി നാം കരുണയുടെ വർഷമായി ആചരിച്ചു. ഇപ്രകാരം കോവിഡ് എന്ന മഹാമാരിയിൽ വലയുന്ന ലോകത്തിന് മറ്റൊരു കരുണയുടെ വർഷമായിട്ടാണ് നാം വി. യൗസേപ്പിതാവിന്റെ വർഷത്തെ കാണേണ്ടത്.

പരിശുദ്ധ ദൈവമാതാവായ കന്യകമറിയം കഴിഞ്ഞാൽ മാർപാപ്പമാരുടെ പ്രബോധനങ്ങളിൽ ഏറ്റവുമധികം തവണ പരാമർശിക്കപ്പെട്ടിട്ടുള്ള വിശുദ്ധനാണ് മാർ യൗസേപ്പ്. ഇത് രക്ഷാകരചരിത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന മർമ്മപ്രധാനമായ പങ്കാളിത്വത്തെ കാണിക്കുന്നു. നാലു സുവിശേഷങ്ങളിലും യേശുവിന്റെ വളർത്തുപിതാവായി മാർ യൗസേപ്പിനെ ചിത്രീകരിക്കുന്നെങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ വളരെ പരിമിതമാണ്. മാർ യൗസേപ്പിന്റെ വലിയ ഭക്തയായിരുന്ന വിശുദ്ധ ജത്രൂദ് ഒരിക്കൽ തനിക്ക് പ്രത്യക്ഷപ്പെട്ട യേശുവിനോട് ചോദിച്ചു, 'യേശുവേ, യൗസേപ്പ് പിതാവിനെക്കുറിച്ചു സുവിശേഷങ്ങളിൽ എന്തേ ഏറെയൊന്നും തന്നെ കാണുന്നില്ല?' യേശു അവളോടു പറഞ്ഞു, 'മകളെ, എന്റെ പിതാവിനെക്കുറിച്ചു മാത്രമാണ് സുവിശേഷങ്ങൾ പറയുന്നത്. ദൈവികജ്ഞാനത്തോടെ വായിച്ചാൽ അത് മനസ്സിലാകും'. ഇപ്രകാരം മനുഷ്യാവതാരം ചെയ്ത സുവിശേഷത്തിന്റെ വളർത്തുപിതാവ് സുവിശേഷത്തിലെ രഹസ്യമായി നിലനിൽക്കുന്നു.

മാർ യൗസേപ്പിതാവിനോടുള്ള ഭക്തി സഭയുടെ ആദ്യ നാളുകൾ മുതൽ ഉണ്ടായിരുന്നെങ്കിലും 1847 ൽ ഒൻപതാം പീയൂസ് മാർപാപ്പയുടെ കാലത്താണ് യൗസേപ്പിതാവിനോടുള്ള ഭക്തിക്ക് സഭയിൽ പ്രചുര പ്രചാരം ലഭിച്ചത്. 1870 ലെ ഫ്രാങ്കോ പ്രഷ്യൻ യുദ്ധത്തിൽ നെപ്പോളിയൻ മൂന്നാമൻ തോറ്റതോടെ പേപ്പൽ

www.malankaralibrary.com



രാജ്യങ്ങളുടെ പതനമായി. 1870 സെപ്റ്റംബർ 20 നു റോം കീഴടക്കി, മാർപാപ്പ വത്തിക്കാനിൽ തടവുകാരനെപ്പോലെയായി. 1868 ൽ ആരംഭിച്ച ഒന്നാം വത്തിക്കാൻ സൂനഹദോസ് നിർത്തിവയ്ക്കേണ്ടി വന്നു. ആ വർഷം ഡിസംബർ എട്ടിന് പത്രോസിന്റെ സിംഹാസനത്തിന്റെ ദിനമായി സഭ കൊണ്ടാടി. അന്നേ ദിവസം ഇറ്റലിയിലെ വിശ്വാസികളോട് കുമ്പസാരിച്ചു വി. കുർബാന സ്വീകരിച്ചു തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മാർപാപ്പാ അഭ്യർത്ഥിച്ചു. അതേത്തുടർന്നാണ് 'കോമോദും ദോവൂസ്' എന്ന തിരുവെഴുത്തിലൂടെ പരിശുദ്ധ പീയൂസ് ഒൻപതാം മാർപാപ്പ വിശുദ്ധ യൗസേപ്പിതാവിനെ സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചത്. നാരകീയ ശക്തികളിൽനിന്നും സഭ നേരിടുന്ന വെല്ലുവിളികളിൽ സഭയെ സഹായിക്കുവാൻ ഹേറോദേസിന്റെ കൈകളിൽനിന്നും ഉണ്ണിയേശുവിനെ രക്ഷിച്ച മാർ യൗസേപ്പിന്റെ സഹായം തീക്ഷ്ണമായി തേടുവാൻ മാർപാപ്പ ആഹ്വാനം ചെയ്തു. ഇന്നും ക്രിസ്തുവിന്റെ സഭ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറുന്നതിന്റെ പ്രധാന കാരണം മാർ യൗസേപ്പിന്റെ മധ്യസ്ഥത കൊണ്ടാണ്.

ഫ്രാൻസിലെ കൊട്ടിനാഗ് എന്ന സ്ഥലത്തു വി. യൗസേപ്പിതാവ് നടത്തിയ ഒരു അത്ഭുതം ശ്രദ്ധേയമാണ്. 1660 ജൂൺ ഏഴിന് ഗാസപാർഡി റിച്ചാർഡ് എന്ന ഇടയൻ ബസേലിയൻ മലയുടെ കിഴക്കുവശത്ത് ആടുകളെ മേയ്ക്കുകയായിരുന്നു. അവന് അന്ന് 22 വയസായിരുന്നു പ്രായം. ഉച്ചയ്ക്ക് ഒരുമണിയായി. സൂര്യൻ വല്ലാതെ ജ്വലിക്കുകയായിരുന്നു. അവന് വല്ലാതെ ദാഹിച്ചു, സഹിക്കാനാവാത്ത ദാഹം. അവന്റെ കൈയിൽ വെള്ളമില്ല. അടുത്തെങ്ങും വെള്ളമില്ല. ക്ഷീണിച്ചവശനായ അവൻ അവിടെ കിടന്നു. പെട്ടെന്ന് വളരെ ഉയരമുള്ള ഒരാൾ അവന്റെ മുന്നിലെത്തി. 'ഞാൻ യൗസേപ്പാണ്, ഈ കല്ലുയർത്തിയാൽ വെള്ളം കിട്ടും'. അടുത്തുള്ള ഒരു വലിയ കല്ലിലേക്ക് ചൂണ്ടി അദ്ദേഹം പറഞ്ഞു. യുവാവ് അമ്പരന്നുപോയി. പത്തു പേർ പിടിച്ചാൽ അനങ്ങാത്ത പാറപോലെ തോന്നി അവന് ആ കല്ല്. ഇത്രയും വലിയ കല്ല് എങ്ങനെ ഉയർത്തും എന്ന് അവൻ ചോദിച്ചു. എന്നാൽ യൗസേപ്പിതാവ് നിർദേശം ആവർത്തിക്കുക മാത്രമാണ് ചെയ്തത്. ഗാസപാർഡ് അനുസരിക്കാൻ തീരുമാനിച്ചു. അത്ഭുതകരമായി അവൻ കല്ലുമാറ്റി. അതിനടിയിൽ നിന്നും ഒരു ഉറവ ഉയർന്നു. അവൻ അത്ഭുതത്തോടെ മതിയാവോളം വെള്ളം കുടിച്ചു. തല ഉയർത്തിനോക്കിയപ്പോൾ യൗസേപ്പിതാവ് അപ്രത്യക്ഷനായി. അവൻ വേഗം പട്ടണത്തിലേക്ക് ഓടി നാട്ടുകാരോട് വിവരം പറഞ്ഞു. എല്ലാവരും ഓടിക്കൂടി. മൂന്നു മണിക്കൂറിനകം ഉറവ ഒരു വലിയ ജലപ്രവാഹമായി. യൗസേപ്പിതാവ് വേറെ സന്ദേശമൊന്നും പറഞ്ഞില്ല എന്നത് കൗതുകകരമാണ്. എങ്കിലും ആ അടയാളം സംസാരിക്കുന്നതായി മാറി, കാരണം റോമൻ കത്തോലിക്കാ സഭയിൽ ജലം പുതിയ ജീവന്റെയും സൗഖ്യത്തിന്റെയും അടയാളമാണ്. ഇവിടെ യൗസേപ്പിതാവ് ജീവന്റെ സ്രോതസ് കാണിച്ചു തരുന്നു. അദ്ദേഹം ഒരു മധ്യസ്ഥൻ മാത്രം. ഈശോയാകുന്ന സ്രോതസ്സിലേക്ക് നമ്മെ ക്ഷണിക്കുന്ന വഴികാട്ടി. ഈ സംഭവങ്ങൾ അറിഞ്ഞ ലൂയി 14-ാമൻ (1638-1715) രാജാവ് ജൂൺ ഏഴ് അവധി ദിവസമായി പ്രഖ്യാപിച്ചു. അദ്ദേഹം ആ ഉറവയിലേക്ക് രണ്ടു വട്ടം തീർത്ഥാടനം നടത്തി. ഫ്രാൻസിനെയും തന്നെത്തന്നെയും മാർ യൗസേപ്പിന് പ്രതിഷ്ഠിച്ചു. ഇവിടം വലിയ തീർത്ഥാടന കേന്ദ്രമായി. അവിടെ മാർ യൗസേപ്പിന്റെ നാമത്തിൽ ദൈവാലയം സ്ഥാപിച്ചു. 1662 ൽ തീർത്ഥാടനത്തിനെത്തിയ ഒരു വൈദികൻ അവിടെയെത്തി പ്രാർത്ഥിച്ച് ഒരു തളർ വാത രോഗിക്കുണ്ടായ സൗഖ്യത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തി. അവിടെ നിന്നുമാണ് യൗസേപ്പിതാവിന്റെ പുകഴ്ചയ്ക്കായി ഏഴു സ്വർഗസ്ഥനായ പിതാവേ ചൊല്ലുന്ന രീതി ആരംഭിച്ചത്. അതാണ് പിൽക്കാലത്ത് മാർ യൗസേപ്പിന്റെ ഏഴു സന്താപ സന്തോഷങ്ങളോടുള്ള പ്രാർത്ഥനയായി മാറിയത്. ഇപ്രകാരം അനേകം അടയാളങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വി. യൗസേപ്പിതാവ് പ്രവർത്തിച്ചിട്ടുണ്ട്. യുവാക്കളായ നമ്മുടെ ഏതൊരാവശ്യത്തിനും ഒരു പിതാവിന്റെ വാത്സല്യത്തോടെ വി. യൗസേപ്പിതാവ് അനുഗ്രഹങ്ങൾ വാരിവിതറും.


malankaralibrary.com

www.malankaralibrary.com



# ഫ്രാൻസിസ് സേവ്യർ


## അണയാത്ത വചനത്തിന്റെ അഴുകാത്ത സാക്ഷ്യം



**Fr. John Wilson Meledath**
Manager Mar Ivanios School &
Director, Suviseshasangam
(Gurgaon Diocese)

**'ഒരുവൻ ലോകം മുഴുവൻ നേടിയാലും, തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനെന്തു പ്രയോജനം'.** ഫ്രാൻസിസിനെ വിശുദ്ധ ഫ്രാൻസിസാക്കിയ ദൈവവചനമാണിത്.

1506 ഏപ്രിൽ 7 ന് സ്പെയിനിലെ ജാവിയർ എന്ന സ്ഥലത്ത് ഡോണ മരിയ, ജുവാൻ ഡീ ജസോ എന്നിവരുടെ ആറാമത്തെ മകനായി ഫ്രാൻസിസ് സേവ്യർ ജനിച്ചു. റോമൻ കത്തോലിക്കാ മിഷനറിയും ഈശോസഭയുടെ സ്ഥാപകരിൽ ഒരാളുമായിരുന്നു അദ്ദേഹം. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനെന്തു പ്രയോജനം?" പാരിസ് സർവകലാശാലയിലെ ഒരു തത്ത്വശാസ്ത്ര അദ്ധ്യാപകനായ ഫ്രാൻസിസിനോട് ഈശോസഭാ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ചോദിച്ച ഈ ചോദ്യം കേവലം 24 വയസ്സ് ഉണ്ടായിരുന്ന ഫ്രാൻസിസിൽ ഉടനടി മാറ്റം ഉണ്ടാക്കിയില്ലെങ്കിലും മാസങ്ങൾ കഴിഞ്ഞ് ഇഗ്നേഷ്യസിന്റെ ക്ഷണപ്രകാരം, 1534 ൽ മോൺ മാത്രയിൽ വച്ച് വി. ഇഗ്നേഷ്യസ്, പീറ്റർ, ഫ്രാൻസിസ് തുടങ്ങിയ ഏഴ് പേർ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ കർത്താവിനു വേണ്ടി എറ്റുപറഞ്ഞു. 1537 ൽ വെനീസിൽ വെച്ച് അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. ഇന്ത്യ, മലാക്ക, ജപ്പാൻ എന്നിവിടങ്ങളിൽ അദ്ദേഹം പത്ത് വർഷം സേവനം അനുഷ്ഠിച്ചു. ദരിദ്രരുടെ ഭക്ഷണം കഴിച്ച് ദരിദ്രരോടുകൂടെ ജീവിച്ചു. പകൽ മുഴുവൻ പ്രസംഗത്തിലും പഠനത്തിലും രാത്രിയിൽ ദീർഘമായ പ്രാർത്ഥനയിലും കഴിച്ചുകൂട്ടി. പത്ത് വർഷങ്ങൾകൊണ്ട് ലക്ഷക്കണക്കിനു ആളുകളെ മാനസാന്തരപ്പെടുത്തി, മരിച്ചവരെ തന്റെ വിശ്വാസം കൊണ്ട് ഉയർത്തി. 1552 ഡിസംബർ 2-ാം തീയതി സാനസിയൻ ദ്വീപിൽ വച്ച് ടൈഫോയിഡ് പിടിപ്പെട്ട് ഈശോ എന്ന നാമം ഉച്ചരിച്ച് അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.



The castle of the Xavier family


malankaralibrary.com

www.malankaralibrary.com



ജപ്പാനിലെ ആദ്യത്തെ അപ്പസ്തോലനായും ഇന്ത്യയിലെ രണ്ടാമത്തെ അപ്പസ്തോലനായും അദ്ദേഹം ഇന്നും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ അഴുകാത്ത ഭൗതീകശരീരം പഴയ ഗോവയിൽ ഉണ്ണീശോയുടെ നാമത്തിലുള്ള ബസിലിക്കയിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്.

### വേദനകളും വേദവായനയും - വിശുദ്ധിയുടെ മുഖചിത്രങ്ങൾ

"എനിക്ക് ആത്മാക്കളെ തരിക, ശേഷം എല്ലാം അങ്ങ് എടുത്തുകൊള്ളുക", ഫ്രാൻസിസിന്റെ വാക്കുകളാണിവ. ഇന്നത്തെ ജീവിതസാഹചര്യത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാൻ കഴിയുന്ന എത്രപേർ ഉണ്ടാകും നമുക്കിടയിൽ ! ലോകത്തിന്റേതായ മോഹങ്ങളിൽ ആടിയുലയുന്ന ഇന്നത്തെ സമൂഹത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്ന ഒന്ന് വേദവായനാനുഷ്ഠിത ജീവിതമാണ്. കഴിഞ്ഞ കാലങ്ങളിലെ വീഴ്ചകൾ ഓർക്കാതെ, മുന്നോട്ടുള്ള ജീവിതത്തിൽ ആത്മാക്കളെ നേടുവാൻ വേദവായനയോളം ശക്തിയുള്ള മറ്റൊരു മരുന്നില്ല. അശുദ്ധരെ വിശുദ്ധരാക്കിയതും രക്തകറകളെ ഹിമം പോലെ വെളുപ്പിച്ചതും ദൈവവചനമാണ്. ഇന്നലത്തെ പാപകൂമ്പാരങ്ങളെ വിശുദ്ധിയുടെ പടവുകളാക്കാനും ദൈവവചനത്തിന് ശക്തിയുണ്ട്. ഇന്നത്തെ ജീവിതവും അതിന്റെ സാഹചര്യങ്ങളും കയ്പ്പായി അനുഭവപ്പെടാം. എന്നാൽ ആ കയ്പ്പിനുശേഷം മധുരമുണ്ടെന്ന വിശ്വാസവും പ്രത്യാശയുമാണ് ഓരോ യുവജനങ്ങൾക്കും വേണ്ടത്. ഹെബ്രായർക്കുള്ള ലേഖനം 12:11 വാക്യത്തിൽ ഇപ്രകാരം പറയുന്നു, 'എല്ലാ ശിക്ഷണവും സന്തോഷപ്രദകരമെന്നതിനെക്കാൾ വേദനാജനകമായി തൽക്കാലത്തേക്കു തോന്നുന്നു. എന്നാൽ, അതിൽ പരിശീലിപ്പിക്കപ്പെടുന്നവർക്കു കാലാന്തരത്തിൽ നീതിയുടെ സമാധാനപൂർവകമായ ഫലം ലഭിക്കുന്നു.' വിശുദ്ധരെ വിശുദ്ധിയുടെ പടവുകൾ ചവിട്ടാൻ സഹായിച്ചതും ഈ വേദനകളാണ്. അവിടെയെല്ലാം കർത്താവിന്റെ മുഖം ദർശിക്കാൻ, ജീവന്റെ കിരീടത്തിനായി കാത്തിരിക്കാൻ അവരെപ്പോലെ നമുക്കും കഴിയണം.

വിശ്വാസത്തിന് മങ്ങലേൽക്കുന്ന ഇന്നത്തെ സമൂഹത്തിൽ യുവജനങ്ങൾ എന്ന നിലയിൽ വിശ്വാസത്തെ കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കോരോരുത്തർക്കും ഉണ്ട്. കുറ്റബോധത്തിന്റെയും നിരാശയുടേയും നീറുന്ന വേദനകൾക്കിടയിൽ വെന്തുരുകേണ്ട മരമല്ല നാമോരോരുത്തരും. പകരം, വി. ഫ്രാൻസിസിനെപ്പോലെ രക്ഷയാകുന്ന പടത്തൊപ്പി അണിഞ്ഞ്, ദൈവവചനമാകുന്ന ആത്മാവിന്റെ വാളെടുത്ത്, വിശ്വാസത്തിനുവേണ്ടി നിലകൊള്ളാൻ കഷ്ടപ്പെടേണ്ടവരാണ് നാം.

'ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവും ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറി ഹൃദയത്തിന്റെ വികാരങ്ങളെയും വിചാരങ്ങളെയും വിവേചിക്കുന്നതുമാണ്'. ഈ വചനത്തിന്റെ പരിവർത്തനമാണ് ഫ്രാൻസിസിനെ വിശുദ്ധ ഫ്രാൻസിസായി മാറ്റിയത്. ദൈവത്തെ പ്രഘോഷിക്കുവാൻ നമ്മുടെ കഴിഞ്ഞ ജീവിതം ഒരു തടസമല്ല. കഴിഞ്ഞുപോയ തെറ്റുകൾ ഓർത്ത് ജീവിതം നിരാശയിൽ ഒതുക്കേണ്ടവരല്ല നാം. തിന്മനിറഞ്ഞ ജീവിതശൈലികളിൽ നിന്നും നന്മകളിലേക്ക് മാറാൻ ശ്രമിക്കുമ്പോഴാണ് ഞാനും നീയും ഒരു യഥാർത്ഥ വിശുദ്ധനായി മാറുന്നത്.

### കുരിശിലെ എളിമപ്പെടൽ യുവതയുടെ ദിശാസൂചിക

വി. ഫ്രാൻസിസ് തന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ ആഹ്ലാദങ്ങൾക്കിടയിൽ പലപ്പോഴും അപേക്ഷിച്ചിരുന്നു 'മതി കർത്താവേ മതി.' എന്നാൽ സങ്കടങ്ങളും, കുരിശുകളും വരുമ്പോൾ 'കുറേ കൂടി കർത്താവേ കുറേ കൂടി' എന്ന് യാചിച്ചിരുന്നു. തന്റെ കുരിശുകൾക്കിടയിലാണ് അദ്ദേഹം ദൈവത്തിന്റെ സ്നേഹം ഏറെ അനുഭവിച്ചിരുന്നത്. എന്നാൽ, ഇന്നിന്റെ ജീവിതത്തിൽ കുരിശുകൾ ഏറുമ്പോൾ, ഒറ്റപ്പെടലുകളും കുറ്റപ്പെടുത്തലും ഏറുമ്പോൾ തളർന്നുപോകുന്നവരാണ് നാമോരോരുത്തരും. അവിടെ ദൈവത്തെ കണ്ടുമുട്ടുവാൻ നമുക്ക് സാധിക്കുന്നില്ല എന്നതും ഏറെ സങ്കടമേറിയതാണ്. തെറ്റുകൾ പറ്റുക സ്വാഭാവികമാണ്.

www.malankaralibrary.com



എന്നാൽ, അത് തിരുത്തുമ്പോഴാണ് സ്വർഗ്ഗം സന്തോഷിക്കുന്നത്. മനുഷ്യജീവിതം അൻപത് ഏറിയാൽ എൺപത് എന്ന് നാം വായിക്കുന്നുണ്ട്. കർത്താവ് അനുവദിക്കുന്ന നാൾ വരെയും വിശുദ്ധരായി ജീവിക്കുവാൻ നമുക്ക് കഴിയട്ടെ. നാം കണക്കുകൾ ബോധ്യപ്പെടുത്തേണ്ടതും മനുഷ്യരുടെ മുൻപിൽ അല്ല ദൈവത്തിന്റെ മുൻപിലത്രെ. ഓരോ വിശുദ്ധരും, അവരുടെ ജീവിതങ്ങളും നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്. ജീവിതത്തിന്റെ കൊടും പരീക്ഷണങ്ങളിലും അവർക്ക് സന്തോഷിക്കാൻ കഴിഞ്ഞതും, ഇനി കുരിശുകൾ വേണം കർത്താവേ എന്ന് വാശി പിടിച്ചതും ഈ ഒരു തിരിച്ചറിവിന്റെ ബോധ്യത്തിലാണ്. ഈ ബോധ്യവും പ്രത്യാശയും നമുക്കും നഷ്ടപ്പെടാതിരിക്കട്ടെ.

ഇന്നിന്റെ യുവജനങ്ങൾ നാളെയുടെ വാഗ്ദാനങ്ങളാണ്, സഭയുടെ ശ്രോതസ്സാണ്. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ ദീർഘവീക്ഷണങ്ങളെ കണ്ടെത്താനും, മറ്റുള്ളവരുടെ വേദനയിൽ ഇറങ്ങിച്ചെല്ലാനും, അവരെ തിരുത്താനും, എല്ലാറ്റിലുമുപരി, ഫ്രാൻസിസിനെപ്പോലെ ദൈവത്തിൽ എളിമപ്പെടാനും സന്തോഷിക്കാനും യുവജനങ്ങൾക്കു കഴിയണം. അതിന് വഴിയൊരുക്കുന്ന കൂദാശകളെ ഭയഭക്തി ബഹുമാനത്തോടെ സമീപിക്കാനും അവർക്ക് കഴിയണം. വിശുദ്ധരെ വിശുദ്ധരാക്കിയത് സഹനങ്ങളാണ്. ഈയൊരു തിരിച്ചറിവിൽ അനുദിനജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാനും ഫ്രാൻസിസിനെപ്പോലെ ആത്മാക്കളെ ചോദിച്ചു നേടാനും ഓരോ യുവജനങ്ങൾക്കും കഴിയട്ടെ. വി. ഇഗ്നേഷ്യസിന്റെ വാക്കുകൾ ഓരോ യുവജനങ്ങൾക്കും പ്രചോദനമാകണം. ''അവൾക്കും അവനും വിശുദ്ധനാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും കഴിയില്ല''. ജീവിതത്തിൽ വന്നുപോയ തെറ്റുകൾ കണ്ട് നമ്മെ കൈവിട്ടുകളയുന്നവനല്ല നമ്മുടെ ദൈവം. മറിച്ച് ധൂർത്തപുത്രനെ പോലെ നമ്മെ ഇരുകൈയ്യും നീട്ടി സ്വീകരിക്കാൻ കാത്തിരിക്കുന്ന ഒരപ്പന്റെ മക്കളാണ് നാം ഓരോരുത്തരും എന്ന സത്യം മറന്നുപോകരുത്.

### കൃപയാൽ നിറയാം ക്രിസ്ത്യാനിയാവാം

ദൂതന്മാരെ പോലും വിധിക്കേണ്ടവരാണ് നാം എന്ന് ലേഖനങ്ങൾ പറഞ്ഞുവയ്ക്കുമ്പോൾ ഇന്നിന്റെ നിസാരവേദനകളിൽ ഒതുങ്ങി കൂടേണ്ടവരല്ല നാം എന്നും അതിന് അർത്ഥമുണ്ട്. എനിക്ക് നിന്റെ കൃപമതി കർത്താവേ എന്ന വാക്കിനുമപ്പുറം മറ്റൊന്നും നമ്മുടെ ജീവിതത്തിന് ഇട നൽകാതിരിക്കട്ടെ. ജീവിതത്തിലെ ഏതു പ്രതിസന്ധിഘട്ടങ്ങളിലും, വേദനാജനകമായ പോരാട്ടങ്ങളിലും വി.ഫ്രാൻസിസിനെപോലെ വചനത്തിലധിഷ്ഠിതമായ വിശ്വാസ ജീവിതം നയിക്കാൻ യുവജനങ്ങൾക്കു കഴിയണം. ഇവിടെ ക്രിസ്തു അവിടെ ക്രിസ്തു എന്നു കേൾക്കുമ്പോൾ അതിന്റെ പിന്നാലെ ഓടുന്നവരാകാതെ നമ്മുടെ ക്രിസ്തുവിശ്വാസത്തിലും, വേദവായനയിലും ഉറച്ചുനിൽക്കാൻ നമ്മുടെ യുവജനങ്ങൾക്ക് കഴിയണം. പൂർവീകമായി നമുക്ക് ലഭിച്ച ഈ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് വിശുദ്ധിയുടെ പടവുകൾ ചവിട്ടുവാൻ സ്വർഗ്ഗസ്ഥനായ പിതാവ് അനുഗ്രഹിക്കട്ടെ.


malankaralibrary.com